# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

**ഫോൺ**: 0466 2212279 **ഇമെയിൽ**: kvkpalakkad@kau.in

## കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

**കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും** സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 32/2021** (വെള്ളിയാഴ്ച) **തീയ്യതി: 23.04.2021**

**അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം**

| കാലാവസ്ഥാ ഘടകങ്ങൾ | 24.04.2021 | 25.04.2021 | 26.04.2021 | 27.04.2021 | 28.04.2021 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 15 | 1 | 6 | 5 | 6 |
| ഉയർന്ന താപനില (°C) | 37 | 37 | 37 | 37 | 37 |
| കുറഞ്ഞ താപനില (°C) | 26 | 26 | 26 | 26 | 26 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 58 | 58 | 58 | 58 | 58 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 10 | 6 | 6 | 6 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 270 | 270 | 250 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 7 | 5 | 6 |

ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിൻറെ പ്രവചനമനുസരിച്ചു ജില്ലയിൽ വരുന്ന ആഴ്ചയിൽ മിതമായ മഴയ്ക്ക് സാധ്യത. കൂടിയ താപനില 37°C വരെയും കുറഞ്ഞ താപനില 26°C വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: രോഗങ്ങളുടെയും കീടങ്ങളുടെയും ആക്രമണം ഒഴിവാക്കുന്നതിനായി മഴയ്ക്ക് മുൻപ് തന്നെ കളകളും ഉണങ്ങിയതും രോഗം ബാധിച്ചതുമായ ചെടികളും കൃഷിയിടങ്ങളിൽ നിന്നും നീക്കം ചെയ്തു വൃത്തിയായി സൂക്ഷിക്കുക.

### കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | പൊടിവിത | വിത്ത് വഴിയാണ് നെല്ലിന്റെ പ്രജനനം .നിലം രണ്ടുമൂന്നു തവണ നന്നായി ഉഴുതു നിരത്തി വരമ്പ് വച്ച് വിതക്കാനായി ഒരുക്കുക. കുമ്മായം അല്ലെങ്കിൽ ഡോളമൈറ്റ് രണ്ടു തവണയായി ചേർത്തുകൊടുക്കണം .ഒന്നാം തവണ 140 കിലോ ഒരു ഏക്കറിന് ഉഴുവലിനൊപ്പവും രണ്ടാം തവണ 100 കിലോ ഒരു ഏക്കറിന് നടീലിനു അല്ലെങ്കിൽ പറിച്ചു നടീലിനു ശേഷം മേൽവളം കൊടുക്കുന്നതിന് ഒരാഴ്ച മുമ്പും ചേർത്തുകൊടുക്കണം .<br><br>വിതക്കുന്നതിനു മുമ്പ് വിത്ത് സ്യൂഡോമോണസുമായി (10 ഗ്രാം ഒരു കിലോ വിത്തിനു ) ചേർത്ത് കൂട്ടികലർത്തുന്നത് രോഗബാധ അകറ്റുന്നതിന് സഹായിക്കും .<br><br>കളകളെ കുറക്കുന്നതിന് പ്രെറ്റിലാക്ലോർ 50 EC (600 ml ഒരു ഏക്കറിന് )കളനാശിനി വിതച്ച അന്നുമുതൽ 6 ദിവസത്തിനുള്ളിൽ മണ്ണിൽ തളിച്ച് കൊടുക്കുക . |
| പച്ചക്കറി | നീരൂറ്റി കുടിക്കുന്ന പ്രാണികൾ | നീരൂറ്റി കുടിക്കുന്ന പ്രാണികളെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിൽ ഒരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |